# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5269 01-07-2019 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ് | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### ഇടുക്കി ജില്ലയുടെ വികസന പാക്കേജ്

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയുടെ വികസനത്തിനായി അയ്യായിരം കോടി രൂപയുടെ പാക്കേജ് ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ; | സമഗ്രതല സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. ഇടുക്കി ജില്ലയിൽ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5000 കോടി രൂപയുടെ പാക്കേജാണിത്. സംസ്ഥാനവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ പദ്ധതികൾ, റീ-ബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽ നിന്ന് സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുന്നത്. 2019-2020-ൽ 550 കോടി രൂപ സംസ്ഥാന പ്ലാനിൽ നിന്നും 100 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 350 കോടി രൂപ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും 250 കോടി രൂപ കിഫ്ബിയിൽ നിന്നും 250 കോടി രൂപ റീ-ബിൽഡ് കേരള തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും 250 കോടി രൂപ അധിഷണലായും ഇടുക്കി പാക്കേജിനായി വകയിരുത്തുന്നതാണ്. തേയിലയുടേയും കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകളുടേയും, ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങളുടേയും, പച്ചക്കറിയുടേയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും, ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയും |
| (ബി) | ഇതിനായുള്ള തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ; | |
| (സി) | 2019-20 സാമ്പത്തിക വർഷം ഈ പാക്കേജിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ; | |

| | | |
|---|---|---|
| (ഡി) | പരിസ്ഥിതിയെ പരിഗണിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന തന്ത്രമാണ് ലക്ഷ്യമി ട്ടിരിക്കുന്നത്. ക്ഷീരസാഗരം മാതൃകയിൽ കന്നുകാലി വളർത്തൽ സമഗ്ര പദ്ധതി ആരംഭിക്കുക, ബ്രഹ്മഗിരി മാതൃകയിൽ ഇറച്ചി സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക, ടൂറിസം ക്ലസ്റ്ററുകളും സർക്യൂട്ടുകളും ആവിഷ്ക്കരിക്കുക, പ്രളയംമൂലവും മറ്റിടങ്ങളിൽ ഉരുൾ പ്പൊട്ടൽ മൂലവും വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധി വസിപ്പിക്കാൻ പ്രത്യേക തുക അനുവദി ക്കുക, ഇടുക്കി മെഡിക്കൽ കോളേജിന്റെ അടുത്ത കെട്ടിടം പൂർത്തീകരിക്കുക മുതലായവ ഉൾക്കൊള്ളുന്നതാണ് ഈ പാക്കേജ്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചാണ് പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നത്. പാക്കജിലുൾപ്പെട്ട വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. |

അക്കൗണ്ട്സ് ഓഫീസർ